(ബി) ഇതിന്റെ രണ്ടാംഘട്ട വികസനം എന്നേക്ക് പൂർത്തിയാകും;

(സി) വികസനം പൂർത്തിയാകുമ്പോൾ എത്ര പേർക്ക് തൊഴിൽ ലഭിക്കും എന്ന് തുകയുടെ നിക്ഷേപം നടത്താൻ സാധ്യതയുണ്ട്;

(ഡി) രണ്ടാം ഘട്ട വികസനത്തോടെ ഇവിടെ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം എത്രയായി ഉയരും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ടെക്നോപാർക്കിൽ 78 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. 8000 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ടെക്നോപാർക്കിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി ആറ് ലക്ഷം sq.ft.-ന്റെ പുതിയ കെട്ടിടം ആഗസ്റ്റ് 2007-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Infosys, US Software, TCS, IBS, Tata Elxsi എന്നീ കമ്പനികൾ കൂടുതൽ സ്ഥലമെടുത്ത് പ്രവർത്തന മേഖല വിപുലീകരിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(സി) വികസനം പൂർത്തിയാകുമ്പോൾ 5000 പേർക്ക് ടെക്നോപാർക്കിലും ഏകദേശം 16,000 പേർക്ക് മേൽപ്പറഞ്ഞ കമ്പനികളിലും തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. ഇതിനായി സ്ഥലമെടുപ്പിനും, കെട്ടിട നിർമ്മാണത്തിനുമായി 100 കോടി രൂപ ടെക്നോപാർക്കും 780 കോടി രൂപ മേൽപറഞ്ഞ കമ്പനികളും നിക്ഷേപം നടത്താൻ സാധ്യതയുണ്ട്.

(ഡി) യൂണിറ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി വികസനം

16 [1317] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, *ലൂഡി ലൂയിസ് :*
,, *എം. എം. ഹസ്സൻ:*
,, *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ നിലവിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി വികസിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

(ബി) എങ്കിൽ അതിന് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചുവോ; ഈ ഇൻസ്റ്റിറ്റ്യൂട്ട് എന്നത്തേക്ക് വികസിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനുള്ള പദ്ധതി പരിഗണനയിലാണ്.

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കാൻ നടപടി

17 [1321] *ശ്രീ. കെ. വി. കുഞ്ഞിരാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റീസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവെനൈൽ ജസ്റ്റീസ് ബോർഡുകളും രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ അതിനുള്ള കാലതാമസമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ജില്ലാ ജഡ്ജി അതാതു ജില്ലകളിലെ ഡിസ്ട്രിക്ട് കളക്ടറുമായി കൂടിയാലോചിച്ച് തയ്യാറാക്കി സമർപ്പിക്കുന്ന പാനലിൽ നിന്നാണ് ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള സമിതികളിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യേണ്ടത്. ജില്ലകളിൽ നിന്നും പാനൽ ലഭിച്ചിരുന്നുവെങ്കിലും പാനലിൽ ഉൾപ്പെട്ട ചിലർ നിശ്ചിത യോഗ്യതയില്ലാത്തവരായതിനാൽ പുതിയ പാനൽ സമർപ്പിക്കുന്നതിന് ജില്ലാ ജഡ്ജിമാരോടാവശ്യപ്പെട്ടിരിക്കുകയാണ്. പുതിയ പാനലുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ചോദ്യകർത്താവ് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ 1322-ാം നമ്പർ ചോദ്യം റദ്ദാക്കി.)

LIBRARY ARCHIVES Kerala Legislative Assembly